REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 09-05-2025 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **പാകിസ്ഥാൻ അതിർത്തിയിൽ പ്രകോപനവും ആക്രമണങ്ങളും തുടരുന്ന സാഹചര്യത്തിൽ സംസ്ഥാനങ്ങളിൽ കനത്ത ജാഗ്രത തുടരുന്നു.**
- **സൈനിക നടപടികളുടെ തത്സമയ സംപ്രേഷണം രാജ്യരക്ഷാ മന്ത്രാലയം വിലക്കി.**
- **പാക്കിസ്ഥാനുമായി സംഘർഷം നിലനിൽക്കുന്ന സാഹചര്യത്തിൽ രാജ്യ തീരുമാനത്തിനൊപ്പം അണിചേരുക എന്നത് ഏറ്റവും പ്രധാനമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. സെക്രട്ടറിയേറ്റിലും നോർക്കയിലും കൺട്രോൾ റൂം തുറന്നു.**
- **സ്ഥാനത്തെ SSLC ഫലപ്രഖ്യാപനം ഉച്ച കഴിഞ്ഞ്.**
- **IPL ക്രിക്കറ്റ് മത്സരങ്ങൾ സസ്പെന്റ് ചെയ്തു.**

## വാർത്തകൾ വിശദമായി

ഓപ്പറേഷൻ സിന്ദൂറിന് ശേഷം പാകിസ്ഥാൻ, രാജ്യത്തിന്റെ വടക്കു പടിഞ്ഞാറൻ അതിർത്തി പ്രദേശങ്ങളിൽ പ്രകോപനവും അതിർത്തി കടന്ന് ആക്രമണങ്ങളും തുടരുന്ന സാഹചര്യത്തിൽ വിവിധ സംസ്ഥാനങ്ങളിൽ കനത്ത ജാഗ്രത തുടരുന്നു. ഇന്നലെ രാത്രി ഡ്രോൺ ഉപയോഗിച്ച് പാക് സേന നടത്തിയ എല്ലാ ആക്രമണങ്ങളും ഇന്ത്യൻ സൈന്യം ആധുനിക ആയുധങ്ങളുപയോഗിച്ച് തകർത്തിരുന്നു. ഇന്ത്യയുടെ വ്യോമ പ്രതിരോധ സംവിധാനം പാകിസ്ഥാന്റെ എല്ലാ ഡ്രോണുകളേയും മിനുറ്റുകൾക്കകം തകർത്തു.

ജാഗ്രതാ നിർദേശത്തിന്റെ ഭാഗമായി ജമ്മു കശ്മീരിലെ എല്ലാ സ്കൂളുകളും സർവകലാശാലകളും രണ്ട് ദിവസം കൂടി അടച്ചിടും. പഞ്ചാബ് സർവകലാശാല ഇന്നത്തേയും നാളത്തെയും മറ്റന്നാളത്തേയും പരീക്ഷകൾ മാറ്റിവെച്ചു. ഹരിയാനയിലെ പഞ്ച്ഗുളയിലെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഇന്നും നാളെയും അവധി നൽകി. രാജ്യസ്ഥാനിലെ അതിർത്തിയോട് ചേർന്ന അഞ്ച് ജില്ലകളിലെ സ്കൂളുകൾക്ക് അവധി നൽകിയിട്ടുണ്ട്.

✪✪✪

സുരക്ഷാ സേനയുടെ നീക്കമടക്കം സൈനിക നടപടികളുടെ തത്സമയ സംപ്രേഷണം രാജ്യരക്ഷാ മന്ത്രാലയം വിലക്കി.  ഇത്തരം റിപ്പോർട്ടുകൾ സൈനിക നടപടികളെ ദുർബലപ്പെടുത്താനും അപകടപ്പെടുത്താനും സാധ്യതയുണ്ടെന്ന് മുൻകാല അനുഭവങ്ങൾ ഓർമ്മിപ്പിച്ച് മന്ത്രാലയം നിർദേശം പുറപ്പെടുവിപ്പിച്ചു. സൈന്യത്തിന്റെ ഔദ്യോഗിക നിലപാടുകൾ മാധ്യമങ്ങളെ അറിയിക്കുമ്പോൾ മാത്രം വിവരങ്ങൾ റിപ്പോർട്ട് ചെയ്താൽ മതിയെന്നാണ് നിർദേശം.

✪✪✪

അയൽ രാജ്യമായ പാക്കിസ്ഥാനുമായി സംഘർഷം നിലനിൽക്കുന്ന സാഹചര്യത്തിൽ രാജ്യം സ്വീകരിക്കുന്ന തീരുമാനത്തിനൊപ്പം എല്ലാവരും അണിചേരുക എന്നത് ഏറ്റവും പ്രധാനമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. LDF ഗവൺമെന്റിന്റെ വാർഷികാഘോഷങ്ങളുടെ ഭാഗമായി കണ്ണൂർ ദിനേശ് ഓഡിറ്റോറിയത്തിൽ മുഖാമുഖം പരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി.

അയൽ രാഷ്ട്രങ്ങളുമായി നല്ല ബന്ധം പുലരണമെന്ന് ആഗ്രഹിക്കുമ്പോഴും വിപരീത ദിശയിലാണ് പാക്കിസ്ഥാൻ നീങ്ങുന്നതെന്ന് മുഖ്യമന്ത്രി കണ്ണൂരിൽ പറഞ്ഞു. പാക്കിസ്ഥാന്റെ അക്രമണങ്ങളെ പ്രതിരോധിക്കാൻ രാജ്യത്തിന് കഴിഞ്ഞതായും മുഖ്യമന്ത്രി അഭിപ്രായപ്പെട്ടു.

ഇന്ത്യക്കാരുടെ മരണത്തിൽ ദുഖവും അനുശോചനവും രേഖപ്പെടുത്തുന്നതായും മുഖ്യമന്ത്രി പറഞ്ഞു. ഇന്ന് ഉച്ചയ്ക്ക് ചേരുന്ന മന്ത്രി സഭാ യോഗം സംസ്ഥാനം കൈകൊള്ളേണ്ട നടപടി സംബന്ധിച്ച് തീരുമാനിക്കുമെന്നും മുഖ്യമന്ത്രി അറിയിച്ചു.

✪✪✪

സംഘർഷ പശ്ചാത്തലത്തിൽ അതിർത്തി സംസ്ഥാനങ്ങളിലെ കേരളീയർക്കും മലയാളി വിദ്യാർഥികൾക്കും സഹായവും വിവരങ്ങളും ലഭ്യമാക്കാൻ സെക്രട്ടറിയേറ്റിലും നോർക്കയിലും കൺട്രോൾ റൂം തുറന്നു. മുഖ്യമന്ത്രി പിണറായി വിജയന്റെ നിർദേശ പ്രകാരമാണിത്.

നിലവിൽ ആശങ്കപ്പെടേണ്ട സാഹചര്യം ഇല്ലെന്നും അധികൃതർ നൽകുന്ന നിർദേശങ്ങൾ പാലിച്ച് സുരക്ഷിതരായി ഇരിക്കാനും നിർദേശമുണ്ട്. സഹായം ആവശ്യമായവർക്ക് സെക്രട്ടറിയേറ്റ് കൺട്രോൾ റൂമിലെ: 0471-251 75 00/ 251 76 00 നമ്പറുകളിലും, 0471-232 26 00 എന്ന ഫാക്സ് നമ്പറിലും cdmd kerala @kerala.gov.in എന്ന ഇമെയിൽ വിലാസത്തിലും ബന്ധപ്പെടാം.

നോർക്കയുടെ ടോൾ ഫ്രീ നമ്പറായ 1800 425 3939 ലും, വിദേശിയർക്ക് 0091 8802 012345 മിസ്ഡ് കോൾ നമ്പറിലും സഹായം തേടാം.

✪✪✪

ജമ്മു കശ്മീർ മുഖ്യമന്ത്രി ഒമർ അബ്ദുള്ള ജമ്മുവിലെ ആശുപത്രി സന്ദർശിച്ചു. അതിർത്തി ഗ്രാമങ്ങളിലെ പാകിസ്ഥാൻ വെടിവെയ്പ്പിലും ഷെല്ലാക്രമണത്തിലും പരിക്കേറ്റവരെ കാണാനും ആശ്വസിപ്പിക്കാനുമാണ് അദ്ദേഹം എത്തിയത്.

ജമ്മു നഗരത്തിലും സമീപ പ്രദേശങ്ങളിലും സന്ദർശനം നടത്തുന്നത് റോഡ് മാർഗമാണെന്ന് മുഖ്യമന്ത്രി സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

✪✪✪

ഡൽഹി വിമാനത്താവളത്തിലെ പ്രവർത്തനങ്ങൾ സാധാരണ നിലയിൽ തുടരുമെന്ന് ഡൽഹി വിമാനത്താവള അതോറിറ്റി അറിയിച്ചു. എന്നാൽ വ്യോമാതിർത്തികളിൽ മാറിക്കൊണ്ടിരിക്കുന്ന സാഹചര്യങ്ങളും സുരക്ഷാ നടപടികൾ വർദ്ധിപ്പിച്ചതും വിമാന ഷെഡ്യൂളുകളെ ബാധിച്ചേക്കാം. വിവരങ്ങൾക്ക് ഔദ്യോഗിക അറിയിപ്പുകളെ ആശ്രയിക്കണമെന്നും സ്ഥിരീകരിക്കാത്ത റിപ്പോർട്ടുകൾ ആശ്രയിക്കുകയോ പ്രചരിപ്പിക്കുകയോ ചെയ്യരുതെന്നും വിമാനത്താവള അതോറിറ്റി ജനങ്ങളോട് അഭ്യർത്ഥിച്ചു.

✪✪✪

അതിർത്തിമേഖലകളിൽ ആക്രമണം ശക്തമായ സാഹചര്യത്തിൽ ചണ്ഡിഗഡിലും, ലേയിലും സ്കൂളുകൾ ഉൾപ്പെടെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും ഇന്നും നാളെയും അടച്ചിടാൻ അധികൃതർ നിർദേശം നൽകി.

✪✪✪

രാജ്യത്ത് ഇന്ധന സ്റ്റോക്കുകൾ ആവശ്യത്തിനുണ്ടെന്നും വിതരണ ശൃംഖലകൾ സുഗമമായി പ്രവർത്തിക്കുന്നുണ്ടെന്നും ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ അറിയിച്ചു. രാജ്യത്താകെ ഇന്ധന ലഭ്യത ഉറപ്പാക്കിയിട്ടുണ്ടെന്നും പരിഭ്രാന്തി വേണ്ടെന്നും കോർപ്പറേഷൻ വ്യക്തമാക്കി.

✪✪✪

നിലവിലെ അടിയന്തര സാഹചര്യം കണക്കിലെടുത്ത് ഇനിയൊരു അറിയിപ്പ് ഉണ്ടാകുന്നതുവരെ എല്ലാ ഉദ്യോഗസ്ഥരുടെയും അവധി ഡൽഹി ഗവൺമെന്റ് റദ്ദാക്കി. നിലവിലെ സാഹചര്യത്തിൽ അടിയന്തര പ്രതികരണത്തിന് തയ്യാറെടുപ്പ് നടത്തേണ്ടതിന്റെ ആവശ്യകത കണക്കിലെടുത്താണ് തീരുമാനം.

✪✪✪

നിലവിലെ സാഹചര്യത്തിൽ ജമ്മുവിൽ നിന്ന ഉധംപൂരിലേക്ക് പ്രത്യേക ട്രെയിൻസർവീസ് നടത്തുമെന്ന് റെയിൽവേ അറിയിച്ചു. 12 റിസർവ്ഡ് കോച്ചും 12 അൺ റിസർവ്ഡ് കോച്ചുകളോടും കൂടിയ ട്രെയിൻ രാവിലെ 10.45 നും, 20 കോച്ചുകളോട് കൂടിയ വന്ദേഭാരത് 12.45നും ഉധംപൂരിൽ നിന്ന് ജമ്മു - പത്താൻകോട് വഴിയാണ് സർവീസ് നടത്തുക. ജമ്മുവിൽ നിന്ന് രാത്രി ഏഴിന് റിസർവ്ഡ് കോച്ചോടുകൂടിയ മറ്റൊരു ട്രെയിനും സർവീസ് നടത്തുമെന്ന് റെയിൽവേ അറിയിച്ചു.

✪✪✪

ശ്രീലങ്കൻ വ്യോമാതിർത്തിയോ, പ്രദേശമോ ഉപയോഗിച്ച് മറ്റൊരു രാജ്യത്തെ ആക്രമിക്കാൻ ലങ്കൻ ഗവൺമെന്റ് ആരെയും അനുവദിക്കില്ലെന്ന് ശ്രീലങ്കൻ കാബിനറ്റ് മന്ത്രി ഡോ. നളിന്ദ ജയതിസ പറഞ്ഞു. എല്ലാതരം ഭീകരതയെയും ശ്രീലങ്ക തള്ളിക്കളയുമെന്നും, പ്രാദേശിക സമാധാനത്തിനാണ് നിലകൊള്ളുന്നതെന്നും ജയതിസ അറിയിച്ചു.

✪✪✪

ലോക രാജ്യങ്ങളോടും ലോകബാങ്കിനോടും പാകിസ്ഥാൻ കൂടുതൽ സാമ്പത്തിക സഹായം അഭ്യർത്ഥിച്ചു. ഇന്ത്യൻ ആക്രമണത്തിൽ കനത്ത നാശ നഷ്ടം ഉണ്ടായെന്നും യുദ്ധം രൂക്ഷമാകുന്ന സാഹചര്യത്തിൽ കൂടുതൽ സഹായം വേണമെന്നുമാണ് അന്താരാഷ്ട്ര പങ്കാളികളോട് പാകിസ്ഥാൻ ഗവൺമെന്റിന്റെ സാമ്പത്തിക വിഭാഗം ആവശ്യപ്പെട്ടത്.

ഇന്ന് വാഷിംഗ്ടണിൽ ചേരുന്ന അന്താരാഷ്ട്ര നാണയ നിധിയുടെ നിർണായക യോഗത്തിന് മുന്നോടിയായാണ് പാകിസ്ഥാന്റെ അഭ്യർത്ഥന. ഇക്കാര്യത്തിൽ ഇന്ത്യയുടെ നിലപാട് IFM-ന്റെ എക്സിക്യൂട്ടീവ് ഡയറക്ടർ വ്യക്തമാക്കുമെന്ന് വിദേശകാര്യ സെക്രട്ടറി വിക്രം മിസ്രി നേരത്തെ വ്യക്തമാക്കിയിരുന്നു.

✪✪✪

അതിർത്തിയിലെ ഭീകരതയ്ക്കെതിരെ ഇന്ത്യയുടെ നിലപാട് വ്യക്തവും കൃത്യവുമാണെന്നും പാക്കിസ്ഥാന്റെ വർധിച്ചുവരുന്ന ഭീകര പ്രവർത്തനങ്ങളെ ശക്തമായി നേരിടുമെന്നും വിദേശകാര്യ മന്ത്രി ഡോ. S ജയശങ്കർ വ്യക്തമാക്കി. US സ്റ്റേറ്റ് സെക്രട്ടറി മാർകോ റുബിയോയുമായി ഇന്നലെ നടത്തിയ സംഭാഷണത്തിലാണ് ജയശങ്കർ ഇന്ത്യൻ നിലപാട് ആവർത്തിച്ചത്. ഭീകരതയ്ക്കെതിരായ പോരാട്ടത്തിൽ ഇന്ത്യയോടൊപ്പം ചേർന്ന് പ്രവർത്തിക്കുന്ന അമേരിക്കൻ പ്രതിബദ്ധതയെ അഭിനന്ദിക്കുന്നതായി ജയ്ശങ്കർ സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

✪✪✪

സംസ്ഥാനത്തെ SSLC ഫലപ്രഖ്യാപനം ഇന്ന്. വൈകീട്ട് മൂന്നിന് മന്ത്രി V ശിവൻകുട്ടി തിരുവനന്തപുരം PRD ചേമ്പറിൽ ഫലപ്രഖ്യാപനം നടത്തും.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ജില്ലാ പ്രതിനിധി രെജു കോലിയക്കോട്.

........വോയ്സ്........

മാർച്ച് 3 മാർച്ച് 26 വരെ നടന്ന എസ്.എസ്.എൽ.സി/ റ്റി.എച്ച്.എസ്.എൽ.സി/ എ.എച്ച്.എസ്.എൽ.സി പരീക്ഷകളുടെ ഫലമാണ് മന്ത്രി വി ശിവൻകുട്ടി ഇന്ന് പ്രഖ്യാപിക്കുന്നത്.

സംസ്ഥാനത്താകെ രണ്ടായിരത്തി തൊള്ളായിരത്തി അറുപത്തി നാല് (2,964) കേന്ദ്രങ്ങളിലും, ലക്ഷദ്വീപിലെ 9 കേന്ദ്രങ്ങളിലും, ഗൾഫ് മേഖലയിലെ 7 കേന്ദ്രങ്ങളിലുമായി നാല് ലക്ഷത്തി ഇരുപത്തി ഏഴായിരത്തി ഇരുപത്തിയൊന്ന് (4,27,021) വിദ്യാർത്ഥികളാണ് ഇത്തവണ റഗുലർ വിഭാഗത്തിൽ എസ് എസ് സി പരീക്ഷ എഴുതിയത്.

അതിൽ ആൺകുട്ടികൾ രണ്ട് ലക്ഷത്തി പതിനേഴായിരത്തി അറുന്നൂറ്റി തൊണ്ണൂറ്റിയാറും (2,17,696) പെൺകുട്ടികൾ രണ്ട് ലക്ഷത്തി ഒമ്പതിനായിരത്തി മുന്നൂറ്റി ഇരുപത്തിയഞ്ചുമാണ്.(2,09,325). സർക്കാർ മേഖലയിൽ ഒരു ലക്ഷത്തി നാൽപത്തി രണ്ടായിരത്തി ഇരുന്നൂറ്റി തൊണ്ണൂറ്റിയെട്ട് (1,42,298) വിദ്യാർത്ഥികളും എയിഡഡ് മേഖലയിൽ രണ്ട് ലക്ഷത്തി അമ്പത്തി അയ്യായിരത്തി തൊണ്ണൂറ്റി രണ്ട് (2,55,092) വിദ്യാർത്ഥികളും അൺ എയിഡഡ് മേഖലയിൽ ഇരുപത്തിയൊമ്പതിനായിരത്തി അറുന്നൂറ്റി മുപ്പത്തിയൊന്ന് (29,631) വിദ്യാർത്ഥികളുമാണ് പരീക്ഷയെഴുതിയത്.

ഇത്തവണ ഗൾഫ് മേഖലയിൽ അറുന്നൂറ്റി എൺപത്തി രണ്ട് (682) വിദ്യാർത്ഥികളും ലക്ഷദ്വീപ് മേഖലയിൽ നാന്നൂറ്റി നാൽപത്തിയേഴ് (447) വിദ്യാർത്ഥികളും പരീക്ഷ എഴുതി.

ഇവർക്ക് പുറമേ ഓൾഡ് സ്കീമിൽ 8 കുട്ടികളും പരീക്ഷ എഴുതി. റ്റി.എച്ച്.എസ്.എൽ.സി. വിഭാഗത്തിൽ ഇത്തവണ 48 പരീക്ഷാകേന്ദ്രങ്ങളിലായി മൂവായിരത്തി അമ്പത്തിയേഴ് (3,057) കുട്ടികളാണ് പരീക്ഷ എഴുതിയത്. സംസ്ഥാനത്തൊട്ടാകെ 72 കേന്ദ്രീകൃത മൂല്യനിർണ്ണയ ക്യാമ്പുകളിലായി ഏപ്രിൽ 3 മുതൽ 26 വരെ രണ്ട് ഘട്ടങ്ങളിലായി മൂല്യ നിർണ്ണയം കഴിഞ്ഞ് മാർക്ക് എൻട്രി നടപടികൾ കഴിഞ്ഞ ദിവസം പൂർത്തീകരിച്ചിരുന്നു. ഇത്തവണ പ്ലസ് വണ്ണിന് മാർജിനൽ സീറ്റ് വർധനവിലൂടെയും തത്കാലിക ബാച്ചിലൂടെയും 81,330 അധിക സീറ്റുകൾ അനുവദിച്ചിട്ടുണ്ട്

✪✪✪

മലപ്പുറം ജില്ലയിൽ നിപ സ്ഥിരീകരിച്ച പശ്ചാത്തലത്തിൽ ഈ മാസം 12ന് റോസ് ലോഞ്ച് ഓഡിറ്റോറിയത്തിൽ നടത്താനിരുന്ന മുഖ്യമന്ത്രിയുടെ ജില്ലാതല പരിപാടി മാറ്റിവെച്ചു. പുതുക്കിയ തീയതി പിന്നീട് അറിയിക്കും.

മന്ത്രി V അബ്ദുറഹ്മാന്റെ നേതൃത്വത്തിൽ നടത്തുന്ന സംസ്ഥാന കായിക വകുപ്പിന്റെ മലപ്പുറം ജില്ലയിലെ ലഹരിവിരുദ്ധ സന്ദേശയാത്രയും മാറ്റി വെച്ചു. ജില്ലയിൽ നിപ സ്ഥിരീകരിച്ച പശ്ചാത്തലത്തിലാണിത്. തീയതി പിന്നീട് അറിയിക്കും.

✪✪✪

വളാഞ്ചേരിയിൽ നിപ റിപ്പോർട്ട് ചെയ്തതിനെ തുടർന്ന് സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി കണ്ടെയ്ൻമെന്റ് സോണുകളുടെ നിർദ്ദേശങ്ങൾ പുറത്തിറക്കി.

വളാഞ്ചേരി മുൻസിപ്പാലിറ്റി, മാറാക്കര, എടയൂർ, ആതവനാട് പഞ്ചായത്തുകളിലെ വിവിധ വാർഡുകളാണ് കണ്ടെയ്ൻമെന്റ് സോണുകളായി പ്രഖ്യാപിച്ചത്.

വളാഞ്ചേരി മുൻസിപ്പാലിറ്റിയിലെ തോണിക്കൽ, താണിയപ്പൻ, താണിയപ്പൻ കുന്ന്, കക്കാട്ടുപാറ, കാവുംപുറം ഡിവിഷനുകളാണ് കണ്ടെയ്ൻമെന്റ് സോണുകൾ.

✪✪✪

IPL ക്രിക്കറ്റ് മത്സരങ്ങൾ സസ്പെന്റ് ചെയ്തു. പ്രതിസന്ധി ഘട്ടത്തിൽ രാജ്യത്തോടൊപ്പം നിൽക്കുകയെന്ന നിലപാടിലാണ് തീരുമാനമെന്ന് BCCI അറിയിച്ചതായി PTI റിപ്പോർട്ട് ചെയ്തു.

✪✪✪

ഭിന്നശേഷി സംവരണത്തിലെ അപാകതകൾ പരിഹരിച്ചാൽ നിയമനത്തിന് തയ്യാറാണെന്ന് കേരള പ്രൈവറ്റ് സ്കൂൾ മാനേജ്മെന്റ് അസോസിയേഷൻ കോഴിക്കോട് ജില്ലാ ഭാരവാഹികൾ അറിയിച്ചു. പ്രൈമറി വിദ്യാലയങ്ങളുടെ നിലനിൽപിനെ ബാധിക്കാത്ത തരത്തിലായിരിക്കണം ഈ വിഷയം കൈകാര്യം ചെയ്യേണ്ടതെന്നും മാനേജേഴ്സ് അസോസിയേഷൻ ഗവൺമെന്റിനോട് ആവശ്യപ്പെട്ടു.

✪✪✪

ഖേലോ ഇന്ത്യ യൂത്ത് ഗെയിംസിൽ 20 സ്വർണ്ണം ഉൾപ്പെടെ 54 മെഡലുകളുമായി മഹാരാഷ്ട്ര മുന്നേറുന്നു. 11 സ്വർണ്ണവുമായി രാജസ്ഥാൻ രണ്ടാം സ്ഥാനത്തും 10 സ്വർണ്ണവുമായി കർണ്ണാടക മൂന്നാം സ്ഥാനത്തുമാണ്. മൂന്ന് സ്വർണ്ണമുൾപ്പെടെ 6 മെഡലുമായി കേരളം 13-ാം സ്ഥാനത്താണ്.

✪✪✪

*News Editor: വി കെ സുരേഷ്*
*News Reader: ശരണ്യ രാജൻ*
*News Team:അനിൽ ചന്ദ്രൻ*
*DEO: സി കെ സുബോധ്*